# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.11 | 09/03/2015 ൽ മറുപടിക്ക് |
|---|---|

### ബാർ കോഴക്കേസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴക്കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ; | (എ) | ബാർ കോഴ കേസ് ഇപ്പോൾ അന്വേഷണ ഘട്ടത്തിൽ ആണ്. അന്വേഷണം പുരോഗമിക്കുന്നു. |
| (ബി) | വിജിലൻസ് നടത്തിയ ക്വിക്ക് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വെളിപ്പെടുത്താമോ ; | (ബി) | സത്വരാന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നത്. |
| (സി) | കോഴ നൽകിയതായും ബാറുകാരിൽ നിന്ന് പണം സ്വരൂപിച്ചതായും ഇടപാടുകൾ നടത്തിയതായതുമെല്ലാം സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്ന് ഇതിനകം പുറത്തുവന്ന വെളിപ്പെടുത്തലുകൾ വിജിലൻസ് സംഘം ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (സി) | ടി കേസുമായി ബന്ധപ്പെട്ട എല്ലാ തെളിവുകളും ശേഖരിച്ചുവരുന്നു. |
| (ഡി) | പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരെയെല്ലാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും തുടർ അന്വേഷണത്തിന്റെ ഭാഗമായി ആരെല്ലാം പ്രതികളായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (ഡി) | ബഹു.മന്ത്രി ശ്രീ.കെ.എം.മാണിയെ പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തത്. തുടർന്ന് ആരേയും പ്രതിയാക്കിയിട്ടില്ല. |
| (ഇ) | അന്വേഷണം ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘത്തിന്റെ നേതൃത്വത്തിലാണ് ആരംഭിച്ചതെന്നും അന്വേഷണ ചുമതലയിൽ നിന്നും പിന്നീട് ഒഴിവാക്കപ്പെട്ടവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ ; | (ഇ) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - 1 – ലെ പോലീസ് സൂപ്രണ്ട് ശ്രീ.ആർ.സുകേശന്റെ നേതൃത്വത്തിൽ അതേ യൂണിറ്റിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും തെരഞ്ഞെടുത്ത പോലീസ് ഇൻസ്പെക്ടർമാരെയും ഉൾക്കൊള്ളിച്ചാണ് അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളത്. അന്വേഷണ സംഘം രൂപീകരിച്ച ശേഷം ആരെയും അതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. |
| (എഫ്) | എന്തെല്ലാം ആവശ്യങ്ങളെ മുൻനിർത്തി, ആർക്കെല്ലാം ഏതെല്ലാം ഘട്ടങ്ങളിലായി എത്ര കോടി രൂപ കോഴ നൽകിയതായിട്ടാണ് ഇതിനകം വെളിപ്പെടുത്തലുകൾ ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (എഫ്) | കേസിന്റെ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ആഫീസർ